പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3916 15.03. 2017 ൽ മറുപടിക്ക്

**കെ.എസ്.ഇ.ബി. ക്ക് പിരിഞ്ഞു കിട്ടേണ്ട തുക**

ചോദ്യം

ശ്രീ.ആർ. രാജേഷ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 2015-16ൽ പിരിഞ്ഞു കിട്ടേണ്ടിയിരുന്ന തുക എത്രയെന്നും കടിശ്ശിക തുക എത്രയെന്നും വിശദമാക്കാമോ; | (എ) 2015-16 സാമ്പത്തിക വർഷത്തിൽ വൈദ്യുതി ചാർജിനത്തിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന് ആകെ പിരിഞ്ഞുകിട്ടേണ്ടിയിരുന്ന തുക 10914.44 കോടി രൂപയാണ്. മുൻ വർഷങ്ങളിലെ ഉൾപ്പടെ 31.3.2016 ലെ സഞ്ചിത കടിശ്ശിക 2121.46 കോടി രൂപയാണ്. |
| (ബി) 2017 ജനുവരി 31 വരെയുള്ള കടിശ്ശിക തുക എത്രയെന്നും വ്യക്തമാക്കാമോ; | (ബി) 2017 ജനുവരി 31 വരെയുള്ള കണക്കുകൾ തയ്യാറാക്കി കഴിഞ്ഞിട്ടില്ല. 31.12.2016 ൽ അവസാനിക്കുന്ന ത്രൈമാസ കണക്ക പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 2044.78 കോടി രൂപ (പലിശ ഉൾപ്പെടുത്താതെ) കടിശ്ശിക ഉണ്ട്. |
| (സി) ഇവയിൽ വിവിധ കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങൾ,വൻകിട-ചെറുകിട സ്ഥാപനങ്ങൾ എന്നിങ്ങനെ ഓരോ വിഭാഗവും 2017 ജനുവരി 31 വരെ അടയ്ക്കേണ്ട കടിശ്ശിക തുക എത്രയെന്ന് വിശദവിവരം ലഭ്യമാക്കാമോ; | (സി) 2016 ഡിസംബർ 31 വരെയുള്ള ത്രൈമാസ കണക്കുപ്രകാരം വിവിധ സ്ഥാപനങ്ങൾ അടയ്ക്കേണ്ട കടിശ്ശിക തുക താഴെ പറയും പ്രകാരമാണ്.<br>**സംസ്ഥാന സർക്കാർ വകുപ്പുകൾ**<br>135.50 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല).<br>**സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾ**<br>1177.13 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല).<br>**തദ്ദേശ ഭരണ സ്ഥാപനങ്ങൾ** 5.50 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല).<br>**കേന്ദ്ര സർക്കാർ വകുപ്പുകൾ** 0.32 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല).<br>**കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ** 41.94 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല).<br>**ചെറുകിട സ്വകാര്യ സ്ഥാപനങ്ങൾ (എൽ.ടി.)** – 127.42 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല).<br>**വൻകിട സ്വകാര്യ സ്ഥാപനങ്ങൾ (എച്ച്.ടി.)** 469.06 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല). |

| | |
|---|---|
| | 31.01.2017 വരെയുള്ള കണക്കുകൾ തയ്യാറാക്കി വരുന്നതേയുള്ളൂ. |
| (ഡി)പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി)സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയ പരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പൊസിറ്റിൽ നിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽ നിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ